(ബി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ കയറ്റുമതിക്കാർക്ക് വിൽക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

(സി) കർഷകർ കയറ്റുമതിക്കായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാഴ, കൈതച്ചക്ക, തനത് പച്ചക്കറികൾ എന്നീ വിളകൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രോൽസാഹനമാണ് നൽകിവരുന്നത്.

(ബി) കയറ്റുമതിക്കാരേയും സംസ്ക്കരണ ഉൽപ്പന്ന ഉൽപ്പാദകരേയും കർഷകരുമായി നേരിട്ട് ബന്ധിപ്പിക്കുവാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി സംഭരണ കേന്ദ്രങ്ങൾ, സമഗ്ര പായ്ക്ക് ഹൗസുകൾ എന്നീ പൊതുസൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ടിൽ സംവിധാനമുണ്ട്.

(സി) കർഷകരേയും കയറ്റുമതിക്കാരേയും നേരിട്ട് ബന്ധപ്പെടുത്തുന്നു; ഉൽപ്പന്നങ്ങളുടെ വിലനിർണ്ണയത്തിലോ വിതരണത്തിലോ വകുപ്പുദ്യോഗസ്ഥർ ഇടപെടുന്നില്ല. വിപണി വിവരങ്ങൾ യഥാസമയം കർഷകർക്ക് നൽകുന്നു; എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

അഗ്രി എക്സ്പോർട്ട് സോണിന്റെ പ്രവർത്തനം

102 [2071] ശ്രീ. പി. ടി. തോമസ്:

,, ടി. യു. രാധാകൃഷ്ണൻ:

,, വർക്കല കഹാർ:

.. തമ്പാനൂർ രവി:

.. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രി എക്സ്പോർട്ട് സോൺ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ സോണിന്റെ കീഴിൽ ഏതെല്ലാം ജില്ലകൾ വരും;

(സി) കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി ഈ ജില്ലകളിൽ കൃഷി ചെയ്യുന്നതിന് കർഷകരെ സജ്ജമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിധത്തിൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ഒൽപത് ജില്ലകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) പദ്ധതി പ്രദേശത്ത് വാണിജ്യാടിസ്ഥാനത്തിൽ വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുവാൻ തയ്യാറായിട്ടുള്ള കർഷകരേയും കർഷകരുടെ സ്വയംസഹായ സംഘങ്ങളെയും തിരഞ്ഞെടുത്തശേഷം അവർക്ക് കയറ്റുമതിക്കുവേണ്ടി ആധുനിക രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യയിൽ മൂന്നുദിവസത്തെ പരിശീലനം നൽകുകയുണ്ടായി. കൂടാതെ കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കർഷകരെ കയറ്റുമതിക്ക് സജ്ജരാക്കുക എന്ന ഉദ്ദേശത്തോടുകൂടി താഴെപ്പറയുന്ന ഘടകങ്ങളും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്:

1.	കയറ്റുമതിക്കായുള്ള വിസ്തൃതി വ്യാപനം	—	4000	ഹെക്ടർ
2.	വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾ	—	50	എണ്ണം
3.	ജില്ലാതല നേഴ്സറികൾ	—	9	,,
4.	സംയോജിത കീടനിയന്ത്രണം	—	4000	ഹെക്ടർ
5.	ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കൽ	—	4000	ഹെക്ടർ
6.	മണ്ണ്-ജല പരിശോധന ശാല	—	1	എണ്ണം
7.	ബൾക്കിംഗ് സെന്ററുകൾ	—	10	,,
8.	പായ്ക്ക് ഹൗസുകൾ	—	4	,,
9.	റീഫർ ട്രക്കുകൾ	—	8	,,
10.	വേഫർ നിർമ്മാണ യൂണിറ്റ്	—	1	,,
11.	ട്രയൽ കൺസയിൻമെന്റ്	—	4	,,
12.	ഗവേഷണ വികസന പ്രവർത്തനങ്ങൾ			

അഗ്രി എക്സ്പോർട്ട് സോണുകളിലുള്ള കർഷകർക്ക് സാമ്പത്തിക സഹായം

103 [2072] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, എ. കെ. മണി:

,, എ. ഡി. മുസ്തഫ:

.. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള അഗ്രി എക്സ്പോർട്ടു സോണുകളിൽ കൃഷി ചെയ്യുന്ന കർഷകർക്കു ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്നു വെളിപ്പെടുത്തുമോ; സർക്കാരിൽനിന്നും ഇവർക്ക് വായ്പ നൽകുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly